(ഇ) സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ/ഓർഡിനൻസിൽ ലൈബ്രറി ജീവനക്കാരുടെ കാര്യത്തിൽ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയും നിയമനരീതിയും ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതി ഒരു ദശകത്തിൽ കൂടുതലായി നടപടി സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ഒരിടത്തും എത്തിച്ചേർന്നിട്ടില്ലായെന്നും ആറുമാസത്തിനകം പ്രസ്തുത ഭേദഗതി നടപടി പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 13-9-2004-ൽ നിർദ്ദേശം നൽകിയിട്ടും യു.ജി.സി. അംഗീകരിക്കാത്ത വിവിധ യോഗ്യത ഇളവിന്റെ കാര്യത്തിൽ വിവിധ തീയതികളിൽ വിവിധ തീരുമാനങ്ങൾ എടുത്ത് ഭേദഗതി നടപടികൾ ദീർഘിപ്പിക്കുന്നതുകൊണ്ട് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്തുവാൻ കഴിയുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ നടപടി പൂർത്തീകരിക്കുവാൻ കേരള സർവ്വകലാശാലക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) — (എഫ്) വിശദാംശങ്ങൾ സർവ്വകലാശാലയിൽനിന്നും ലഭ്യമാക്കി മറുപടി നൽകുന്നതാണ്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എൻ.എസ്.എസ്. ഫണ്ട് ദുർവിനിയോഗം

107 [3090] *ശ്രീ. ലൂഡി ലൂയിസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ 2000-2005 കാലയളവിലെ എൻ.എസ്.എസ്. പ്രവർത്തനത്തിലെ ഫണ്ട് ദുർവിനിയോഗത്തെക്കുറിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിരുന്നോ;

(ബി) എങ്കിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയെന്നും ഇത് സംബന്ധിച്ച് എന്ത് നടപടിയെടുത്തു എന്നും ഈ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്ത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 മേയ് മാസത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം സംസ്കൃത സർവ്വകലാശാലയിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയിരുന്നു.

(ബി) പരിശോധന സംബന്ധിച്ച റിപ്പോർട്ട് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly